# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5760 — 05.07.2013 ൽ മറുപടിക്ക്

### സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
|---|---|
| (എ) പാഡി രസീറ്റ്സ് എഴുതി മാസങ്ങൾ കഴിഞ്ഞിട്ടും സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് ലഭിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ആലപ്പുഴ ജില്ലയിൽ മങ്കൊമ്പിൽ പ്രവർത്തിക്കുന്ന പാഡി മാർക്കറ്റിംഗ് ആഫീസിൽ ലഭിച്ച രസീതുകളിൽ പല തിലും ശരിയായ വിലാസമോ, തുകയോ, ബാങ്ക് അക്കൗണ്ട് നമ്പരോ രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ 5 ഏക്കർ എന്ന നിബന്ധന പാലിക്കാതെ അതിലും കൂടുതൽ നിലത്തിന്റെ വിളവ് സമർപ്പിക്കുന്നതോടൊപ്പം അതിനുപോൽബലകമായി ബന്ധപ്പെട്ട കൃഷി ആഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ലാത്തതിനാലും തുക നൽകാൻ വൈകിയിട്ടുണ്ട്. |
| (ബി) സംഭരിക്കുന്ന നെല്ലിന്റെ തുക കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) നെല്ല് നൽകിയതായ രസീതുകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാങ്കുകളിൽ നിന്നും ഉടനടി കർഷകരുടെ അക്കൗണ്ടുകളിലേക്ക് നെല്ലിന്റെ വില മാറ്റുവാനായി കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) ഇതിനായി ഒരു റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Beenan

സെക്ഷൻ ഓഫീസർ